തിരുവിതാംകൂറിലെപ്പോലെ ഗവമ്മെണ്ടു സഹായമായി നടത്തണമെന്ന ആവശ്യപ്പെട്ടമായിരുന്നു. കൊടുങ്ങല്ലൂരിന്റെ ഇന്നത്തെ സ്ഥിതിക്കു ഞങ്ങൾ അതിലേക്കു നിർബ്ബന്ധിക്കുന്നില്ല. ഇക്കാര്യത്തെ ദയവായി ഗവമ്മെണ്ടു ആലോചിച്ചു ഉടനെ പ്രവൃത്തിയിൽ വരുത്തുമെന്നുള്ള വിശ്വാസത്തോടുകൂടി ഈ പ്രമേയം ഞാൻ പിൻവലിക്കുന്നു.

The resolution was, with leave, withdrawn.

2. Hundi Merchants.

Mr. T. A. Ramachandra Ayyar.—" This Council recommends that all Hundi Merchants who receive deposits from the public must be asked to file with the Registrar of Joint Stock Companies a Balance Sheet audited and certified by a Government certified auditor every year as in the case of Joint Stock Companies."

ഈ പ്രമേയം ഇവിടെ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചതു് ഈയിടെ തൃശ്ശിവപേരൂർ പട്ടണത്തിൽ ഹുണ്ടികവ്യാപാരം നടത്തിയിരുന്ന ഒരു ഹുണ്ടികക്കാരൻ പൊളിഞ്ഞതിനാൽ ഈ രാജ്യത്തിലെ പല ജനങ്ങൾക്കും നേരിട്ട വലുതായ സങ്കടങ്ങളും കഷ്ടപ്പാടുകളുമാണു്. നമ്മുടെ രാജ്യത്തു് ഹുണ്ടികക്കച്ചവടം നടത്തുന്നതു് മിക്കവാറും അന്യരാജ്യക്കാരാണു്. അവർ അവിടെനിന്നും ഇവിടെവന്നു കച്ചവടം ചെയ്യുന്നുവെന്നല്ലാതെ അവരുടെസ്ഥിതിയെപ്പറ്റിനമുക്കു് ഒരറിവും കിട്ടാതെയാണിരിക്കുന്നതു്. പൊളിയുന്നവരിൽ അധികവും ഇവർതന്നെയാണു്. ഇവരുടെ അടുത്തു പണം കൊടുക്കുന്ന അളുകൾ വളരെ ദരിദ്രന്മാരും വളരെ കഷ്ടപ്പെട്ടു കാലയാപനം ചെയ്യുന്നവരുമാണു്. ഗവമ്മെണ്ടു് ഉദ്യോഗസ്ഥന്മാരും ഇവരെ വിശ്വസിച്ചു പണം ഏല്പിക്കുന്നുണ്ടു്. ഇവർ ഇവരുടെ നല്ലകാലം മുഴുവനും എല്ലുമുറികെ കഷ്ടപ്പെട്ടു സമ്പാദിച്ചവയായിരിക്കും ഇപ്പണം. ചില വിധവകളും അവർക്കു് മറ്റാരും ആശ്രയം ഇല്ലാത്തതിനാൽ വിശ്വാസത്തോടെ ഇവരുടെപക്കൽ പണം നിക്ഷേപിക്കുന്നു. എന്നാൽ ഈ ഹുണ്ടിക വ്യാപാരിയുടെസ്ഥിതി ആക്കും ഒരു ശ്രുവും ഇല്ല. ഉദ്യോഗസ്ഥന്മാർ അവരെ ഏല്പിക്കുന്നതു് അവരുടെ ഉദ്യോഗകാലത്തു് ശമ്പളം പിടിച്ചു കൂട്ടികിട്ടുന്ന തുക പെൻഷൻ പറ്റുമ്പോൾ കിട്ടുന്നതാണു്. ഈ ഹുണ്ടികക്കാർ പൊളിയുന്നതിനു മുമ്പു് ഒരു കല്ല്യാണമൊ മറ്റെന്തെങ്കിലും അടിയന്തരമൊ പൊടിപൊടിച്ചു നടത്തും അതുകഴിഞ്ഞാലുടനെപൊളിഞ്ഞതായി ഒരറിപ്പുണ്ടാകുകയായി. അവരെപ്പറ്റിയാതൊരു വർത്തമാനമൊ അവരുടെ സ്വത്തിന്റെ സ്ഥിതിയൊ ഈ രാജ്യക്കാർക്കു മനസ്സിലാക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു്. അതിനാൽ അവരെ വിശ്വസിച്ചു പണം നിക്ഷേപിക്കുന്ന ജനങ്ങൾക്കു് അതിരറ്റ സങ്കടത്തിനും കഷ്ടപ്പാടുകൾക്കും കാരണമാകുന്നു. അതിനാൽ മേലാൽ ഇത്തരക്കാരെപ്പറ്റി നാട്ടു

LIBRARY ARCHIVES Kerala Legislative Assembly

കാക്കു് ശരിയായഒരു അറിവുണ്ടാകത്തക്ക എന്തെങ്കിലും ഒരു നി
യമം ഉണ്ടാക്കാൻ ഗവമ്മെണ്ടു് ഉടനെ ഉത്സാഹിക്കേണ്ടതാണു്. യൂറോപ്പിലും അമേരിക്കയിലും ഉള്ളതുപോലെ ഒരു മണി ലെൻറിങ് ആക്ററു് ഇവിടെയും നടപ്പിലാക്കിയാൽ കൊള്ളാമെന്നാണു് എൻറെ അഭിപ്രായം. ബ്രിട്ടീഷു് ഇന്ത്യയിൽ ചില ദിക്കുകളിൽ ലൈസൻസു വാങ്ങിയാലെ ഇത്തരം കച്ചവടം നടത്താൻ പാടുള്ളു എന്നൊരു നിയമം ഉണ്ടു്. ഇതിൽ ഏതിനെ എങ്കിലും അനുകരിച്ചു ഉടനെ ഗവമ്മെണ്ടു് ഒരു നിയമം നടപ്പിലാക്കണമെന്നു് ഗവമ്മെണ്ടിനെ ഉണർത്തിക്കൊണ്ടു് സഭയുടെ പരിചിന്തനത്തിനായി ഞാൻ ഈ പ്രമേയം അവതരിപ്പിക്കുന്നു.

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ. ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട നെല്ലായി മെംബർ പറഞ്ഞതുപോലെ ഉണ്ടികൊക്കാർ അധികവും മധുര, തിരുനൽവേലി ജില്ലകളിൽനിന്നു വരുന്ന പരദേശ ബ്രാഹ്മണരാണു്. ഇപ്പോൾ മറു ജാതിക്കാരും ഉണ്ടിക വ്യാപാരം തുടങ്ങിയിട്ടുണ്ടു്. അധികംപേരും അമ്പാസമുദ്രം, കല്ലടക്കുറിച്ചി ഈ ദിക്കുകളിൽനിന്നു വന്ന പരദേശികളും തന്നെയാണു്. അധികം പൊളിഞ്ഞു കാണുന്നതും അവരുടെ ഉണ്ടികളും തന്നെയാണു്. ശരിയായ മൂലധനമിറക്കി ന്യായമായ പലിശ വാങ്ങി ആദായം വരുത്തിച്ചു ഉണ്ടിക വ്യാപാരം നടത്തുന്നവരുമുണ്ടു്. അവരെപ്പററി ആക്ഷേപമില്ല. അങ്ങിനെ അല്ലാതെ ചില ആളുകളുണ്ടു്. അവർ പരദേശത്തു നിന്നും പുറപ്പെട്ടുമ്പോൾ മുഷിഞ്ഞ ഒരു ഭോമനും ഒരു അംഗവസ്ത്രവും മാത്രമെ ഉണ്ടാകയുള്ളു. ഇവിടെ വന്നാൽ വല്ലവരെയുമൊക്കെ സേവിച്ചു കുറെ രൂപാ കടം വാങ്ങി ആദ്യം റോഡരികിൽ ഒരു സ്ഥലം വാടകക്കു എടുക്കുകയായി. ഒരു വിളക്കും വാങ്ങും. വിളക്കിൻറെ നാലുപുറവും ഭംഗിയിൽ ചില്ലിട്ടു ഒരു ഭാഗത്തു തൂക്കും. വിളക്കു വെച്ചു കഴിഞ്ഞാൽ കൈയിലുള്ള രൂപാ എറിഞ്ഞു എണ്ണിതുടങ്ങും. ആ ശബ്ദം കേട്ടു് ആളുകൾ അടുത്തുകൂടും. ഇങ്ങിനെ കുറച്ചു കഴിഞ്ഞാൽ, ആളുകളെ ആകർഷിച്ചു കഴിയുമ്പോൾ, ഉണ്ടികയിൽ പണം കൊടുക്കാൻ തുടങ്ങും. അങ്ങിനെ പുറമെയുള്ളവരുടെ പണം കിട്ടുമ്പോൾ വലിയ ഉണ്ടിക വ്യാപാരിയായി. ഇവരുടെ കണക്കാണെങ്കിൽ തമിഴിലാണു്. അതിനാൽ അവരുടെ കണക്കുനോക്കാൻ ആഗ്രഹിക്കുന്നവർക്കു് അതൊന്നും മനസ്സിലാക്കാൻ സാധിക്കയില്ല. ആ കണക്കു കോടതിയിൽ വന്നാൽതന്നെയും മനസ്സിലാക്കാൻ വേറൊരാളുടെ സഹായം വേണ്ടിയിരിക്കുന്നു. മലയാളികളിലാരെയെങ്കിലും കണക്കെഴുതാൻ വെക്കുകയില്ല അവരുടെ കളവു വെളിവായെങ്കിലോ എന്നഭയമാണു് അതിനു കാരണം. അവൻ വല്ല അമ്മാഞ്ചിയെയൊ അത്താനെയൊ പിടിച്ചുവെച്ചു തമിഴിലേ കണക്കെഴുതുകയുള്ളു. ഇടക്കിടക്കു് കേമമായി വല്ലവരുടെ

LIBRARY ARCHIVES Kerala Legislative Assembly

യും പണംകൊണ്ട് കല്യാണംകഴിക്കും. ഉടനെ പൊളിഞ്ഞു എന്നും സംസാരമാകും. പൊളിയുന്നതിനുമുമ്പു മിക്കതും പാണ്ടിക്കു കൂടുന്നും. അളുകൾ പണം തിരിച്ചാവശ്യപ്പെട്ടാൽ തന്നെയും രൂപക്കു വ ണ. വെച്ചുകൊടുക്കാമെന്നു പരദേശി പറയും. അവർ അതുകേൾക്കാതെ കോടതികളിൽ വ്യവഹാരം ഫയലാക്കും. പണം വാങ്ങുന്ന (Receiver) തന്നുദ്യോഗസ്ഥന്മാരെയും മറും വെക്കും.അവരുടെ ഭരണം ഞഞ്ഞാകൊല്ലം പിടിക്കും. അപ്പോഴേക്കും ബാക്കി ഒന്നും ഉണ്ടാകയില്ല. ഒടുവിൽ രൂപക്കു് അരയണയൊ മറെറാവെച്ചു കിട്ടുകയുംചെയ്യും. ഈവിധം ആണു് ഇപ്പോഴത്തെ നടപ്പു്. . മഹത്തായ കൈലാസംതന്നെ പൊളിയുമെന്നു ആരെങ്കിലും വിചാരിച്ചിരുന്നൊ ? ഒടുവിൽപഴയ സോമനും അംഗവസ്ത്രവുംകൊണ്ടു് പാണ്ടിക്കു മടങ്ങുകയുംആയി.

ഡിപ്പൂട്ടിപ്രസിഡണ്ടു്.—എല്ലാം കഴിഞ്ഞില്ലെ? ഇനിയുംപൊളിയാൻ തുല്യവപേരുർ ആരെങ്കിലുമുണ്ടൊ?

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ.—ഒന്നരണ്ടുപേർ ഇനിയും ഉണ്ടു്. ഈ മാതിരിയാണു് അവരുടെ കച്ചവടം. ഇതിനു തക്കതായ ഒരു നിയമം അത്യാവശ്യമാണു്. അവരവരുടെ സ്വന്തംപണംകൊണ്ടാണു് വ്യാപാരം നടത്തുന്നതെങ്കിൽ കൺട്രോൾ ആവശ്യമില്ലായിരുന്നു. പൊതുജനങ്ങളുടെ പക്കൽനിന്നും പണംവാങ്ങി വ്യാപാരം നടത്തുന്ന സ്ഥിതിക്കു കണക്കു പരിശോധിച്ചു ആ ആയവ്യയകണക്കു തയ്യാറാക്കേണ്ടഭാരം ഗവമ്മെണ്ടിനുണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണു്. അതു് ഗവമ്മെണ്ടു് ചെയ്യേണ്ട ഒരു ധർമ്മവുമാണു്. അതിനാൽ ഇംഗ്ലണ്ടിലെപ്പോലെ ഒരു പണ.വ്യാപാരനിയമം ഇവിടെയും ഉണ്ടായിരുന്നാൽ കൊള്ളാമെന്നൊരു അഭിപ്രായമുണ്ടു്.

ഡിപ്പൂട്ടിപ്രസിഡെണ്ടു്.—അതിനു നിങ്ങൾക്കുതന്നെ ഒരു ബിൽ കൊണ്ടുവന്നുകൂടെ ?

മിസ്റ്റർ സി. എ. കുഞ്ഞുണ്ണിരാജാ.—ഗവമ്മെണ്ടിന്റെ ഉദ്ദേശം അറിഞ്ഞിട്ടു ബിൽ കൊണ്ടുവരണമെന്നു വിചാരിക്കുന്നുണ്ടു്. അല്ലാതെ ബിൽ കൊണ്ടുവന്നാൽ ഗവമ്മെണ്ടു് എതിക്കയാണെങ്കിൽ സമയം കളഞ്ഞതു വെറുതെയെന്നല്ലാതെ അതുകൊണ്ടു ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകയില്ല. അതിനാൽ ഇക്കാര്യത്തിൽ ഗവമ്മെണ്ടിന്റെ ഉദ്ദേശം എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

Mr. C. V. Kuriyan.—I also support the resolution. It has become a daily occurrence, i. e., the starting of banks in every nook and corner of the State and the public are investing their amounts placing confidence in the Directors or the partners of those banks. The general custom is not to raise money from their own pockets but to depend upon the investments made by the public. The investment goes out of all proportion

LIBRARY ARCHIVES Kerala Legislative Assembly

to the actual turnover. If no limit is placed upon the deposit it is very likely that the public may lose the amounts. In this connection the two Members, the Member who moved and the Member who supported, referred to the Money Lender's Act which was passed in 1927. The purport of it, as far as I know, is mainly to make the rate of interest stable and also to give a certificate of integrity and honesty to the man who takes to money-lending. Generally if a money-lender is to start his business he ought to get a certificate from the Government and the Government by making a due enquiry thereon will get satisfied about the financial position of the money-lender and also the integrity and honesty of his dealings. Also there is a limit to the rate of interest. In England the rate of interest is fixed. The maximum is 48 per cent in our State. I don't think it exceeds 48 per cent. Petty banks levy a rate of interest which is really exorbitant. In the proposed legislation the rate of interest will have to be specified. There is also provision in the Money-Lender's Act which penalises the money-lender for Canvassing clients. Generally the money-lenders, as the Member for Jenmies suggested, these money-lenders sitting beside the lighted lamp will be inviting the public to invest the money. They make a good show of their business and our people will be compelled to invest their deposits. Such sort of canvassing at least indirectly, should be discouraged. I think there is a provision in the Act discouraging such private canvassing and private offers being made to the public. That provision also may be introduced in the proposed legislation. I think this is a sound resolution that will be of benefit to the public.

Mr. C.J. Mathew.—Sir, this resolution seems to be rather limited in its scope. It refers only to hundi merchants who receive deposits. Why not we extend it to such professional money-lenders who borrow money with a view to lend it and make money out of it. Such people borrow money and carry on this business for a time till they enrich themselves and then defraud the public. Such instances may also be taken into the scope of this bill. The bill may be so drafted as to make it applicable to such persons. I therefore request the Government as well as the mover to include within the scope of the contemplated legislation such people also who borrow and do this money-lending business. It should not be confined to those who only receive deposits and carry on this trade.

Mr. A. Sankara Menon.—Some restrictions may be necessary. Which those restrictions are and the like have to be considered.

Deputy President.—Government does not oppose. Government think that some restrictions are necessary. What he restrictions are have to be considered.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. A. Kunjunni Raja.—So they welcome the suggestion.

Mr. T. A. Ramachandra Ayyar.—I withdraw the resolution.

The resolution was, with leave, withdrawn.

3. Committee for Cranganur Town Improvement.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—"കൊടുങ്ങല്ലൂർ പട്ടണപ്രദേശത്തിനു ഒരു കമ്മറ്റി സ്ഥാപിച്ച് വേണ്ട പ്രവൃത്തികൾ ഉടനെ ചെയ്യണമെന്നു ഈ കൌൺസിൽ ഗവർമ്മെണ്ടിനോടു ശിപാർശ ചെയ്യുന്നു." ഇതാണ് എന്റെ പ്രമേയം. കുന്നംകുളത്തു സ്ഥാപിച്ചിട്ടുള്ളതുപോലെ ഒരു ടൌൺ ഇംപ്രൂവ്മെൻറ് കമ്മറ്റി കൊടുങ്ങല്ലൂരിലും സ്ഥാപിച്ചു തരണമെന്നാണ് എന്റെ നിവേദനം.

K. Mahammed Seethi.—I Second it.

ഡിപ്യൂട്ടി പ്രസിഡെണ്ട്.—കുന്നംകുളത്തു അതുപ്രാവർത്തികമായിട്ടില്ല.

Diwan Bahadur Dr. V. Verghese.— Government has said that it will be tried.

The resolution was, with leave, withdrawn.

4. Veterinary Dispensary at Cranganur.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ— എന്റെ റസല്യൂഷൻ "കൊടുങ്ങല്ലൂരിൽ ഒരു മൃഗാസ്പത്രി (Veterinary Dispensary) ഉടനെ സ്ഥാപിക്കണമെന്നു ഈ കൌൺസിൽ ഗവർമ്മെണ്ടിനോടു ശിപാർശചെയ്യുന്നു" എന്നതാണ്. എന്നാൽ കൊടുങ്ങല്ലൂരിനു മാത്രമല്ല അതിനെ തൊട്ടുകിടക്കുന്ന ഇടവഴിലങ്ങു വില്ലേജിനുംകൂടി ഉപകാരമാകത്തക്ക വിധത്തിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കണമെന്നാണ് എന്റെ ഉദ്ദേശം. അവിടങ്ങളിൽ ധാരാളം മൃഗങ്ങൾ ഉണ്ട്. അവക്കു പലവിധത്തിലുള്ള സുഖക്കേടുകളും പിടിപെടുന്നുണ്ട്. ചാകയും ചെയ്യുന്നു.

ഡിപ്യൂട്ടി പ്രസിഡെണ്ട്.—കൊടുങ്ങല്ലൂരിൽ സാധാരണയായി കൃഷിക്കു കന്നുകാലികളെ ഉപയോഗിക്കാറുണ്ടോ?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—പുല്ലറവില്ലേജിൽ ഉപയോഗിക്കുന്നുണ്ട്. മൃഗങ്ങളുടെ രക്ഷക്കായിട്ടാണല്ലൊ ഗവർമ്മെണ്ടു ഓരൊ സ്ഥലത്തു മൃഗാശുപത്രികൾ സ്ഥാപിക്കുന്നതു്. ഇന്നു കുറെ മുമ്പായി ഞാൻ കൃഷിസൂപ്രണ്ടിനോടു ഇക്കാര്യത്തെപ്പറ്റി ചോദിച്ചപ്പോൾ കൊടുങ്ങല്ലൂരിൽ കന്നുകാലികളില്ലെന്നും വല്ലതും കുറച്ചുണ്ടായാൽത്തന്നെയും സുഖക്കേടു പുതുക്കമാണെന്നും അദ്ദേഹം പറയുകയുണ്ടായി. ഈ അഭിപ്രായം പുറപ്പെടുവിച്ചതു് അദ്ദേഹം കാര്യം അറിയാഞ്ഞിട്ടായിരിക്കണം. അതിനെപ്പറ്റി അന്വേഷിക്കണം ചികിത്സിക്കണം ആളുകളെ ഏർപ്പെടുത്താതെ ഈവിധ

LIBRARY ARCHIVES Kerala Legislative Assembly